നാഗർകോവിൽ ക്ഷയരോഗാശുപത്രി

*വ ൦ ൨. (൧൩) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നാഗർകോവിൽ ക്ഷയരോഗാശുപത്രിയിൽ ഇപ്പോൾ എത്ര ബഡ്സ് ഉണ്ടെന്നു പറയാമോ;

(ബി) അവിടെ വെയിറ്റിംഗ് ലിസ്റ്റിൽ ഇപ്പോൾ എത്ര പേരുണ്ടെന്നു പറയാമോ?

ധനകാര്യവും റവന്യൂവും വകുപ്പ് മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൧൯൨.

(ബി) ൧൬൫.

ശ്രീമതി ദേവകീഗോപിദാസ്: വെയിറ്റിംഗ് ലിസ്റ്റിൽ സീനിയറായി വന്നിട്ടുള്ള ആൾ എത്ര കാലമായി സീനിയറായി നില്ക്കുന്നു എന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ വിവരം കിട്ടിയിട്ടില്ല. സീനിയോർട്ടി അനുസരിച്ച് തന്നെയാണ് പ്രവേശനം കൊടുക്കുന്നത്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അവിടെ ഉപകരണങ്ങളും മരുന്നുകളും ഇല്ലാതെ രോഗികൾ ബുദ്ധിമുട്ടുന്നുണ്ടെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ രോഗികൾ ആരും ബുദ്ധിമുട്ടുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അവിടെ ഇപ്പോൾ രോഗികൾക്ക് പച്ചരിച്ചോറാണ് കൊടുക്കുന്നതെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഗവണ്മെണ്ടിനു് അരി കിട്ടുന്നതനുസരിച്ചാണ് കൊടുക്കുന്നത്. പച്ചരിച്ചോറ പുഴുക്കലരി കിട്ടാത്ത അവസരത്തിൽ മാത്രമേ കൊടുക്കുന്നുള്ളൂ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പച്ചരിച്ചോറ ഉണ്ണുന്നതുകൊണ്ടു രോഗികൾക്ക് കൂടുതൽ സുഖക്കേടു് ഉണ്ടാകുന്നുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

ശ്രീ. ടി. വി. തോമസ്: അവിടെ കൈക്കൂലി കൊടുക്കാൻ ശക്തിയില്ലാത്തവർ പോയാൽ കിടക്കയില്ലെന്നു പറഞ്ഞു വിടുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയില്ല.

കൂടുതൽ ക്ഷയരോഗാശുപത്രി

*വ ൦൩. (൧൭) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂറിൽ ഒരു ക്ഷയരോഗാശുപത്രി കൂടി സ്ഥാപിക്കുന്ന കാര്യം ഗവണ്മെണ്ട് ആലോചിക്കുന്നുണ്ടോ?

ധനകാര്യവും റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇല്ല.

ശ്രീമതി ദേവകീഗോപിദാസ്: ഈ സ്റ്റേറ്റിൽ ക്ഷയരോഗികളുടെ എണ്ണം എത്രയുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഏകദേശം അയ്യായിരത്തിൽ കൂടുതൽ ഉണ്ടെന്നാണറിവു്.

LIBRARY ARCHIVES Kerala Legislative Assembly